LIBRARY ARCHIVES Kerala Legislative Assembly

എ. കെ. ജി. സ്മാരക വായനശാലാ ബോംബാക്രമണം

210 (2038) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെണ്ടുട്ടായി എ.കെ.ജി. സ്മാരക വായനശാലയ്ക്ക് നേരെ ബോംബെറ് എറിഞ്ഞതുമായി ബന്ധപ്പെട്ട കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിലെ പ്രതികളാരെല്ലാമാണെന്നും ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ടി കേസ്സിൽ 5 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. (1) പ്രണവ് ബാബു S/o സുരേഷ് ബാബു, (2) പ്രേംജിത്ത് S/o. ചന്ദ്രൻ, (3) സുർജിത്ത് S/o ചന്ദ്രൻ, (4) ശരത് S/o ശശി, (5) പ്രജിത്ത് പൊക്കായി S/o പ്രകാശൻ എന്നിവരാണ് പ്രതികൾ. ഇതുവരെയുള്ള അന്വേഷണത്തിൽ മേൽ സംഭവം നടന്നതായി യാതൊരു തെളിവും ലഭിച്ചിട്ടില്ല. ആയതിനാൽ ടി കേസ് False ആയി കണക്കാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

എസ്. ആർ. അരുണിന്റെ തിരോധാനം

211 (2039) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി. ഇ. ഒ. ആയി ജോലി ചെയ്തിരുന്ന ആറ്റിങ്ങൽ അവനവൻചേരി അശ്വതിഭവനിൽ ശശിധരന്റെ മകൻ എസ്. ആർ. അരുണിനെ തെരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്കിടെ കാണാതായ സംഭവവുമായി ബന്ധപ്പെട്ട അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏത് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണെന്ന് പ്രസ്തുത കേസ് അന്വേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അരുണിനെ കാണാതായ കാര്യത്തിന് പുത്തൻകുരിശ് പോലീസ് സ്റ്റേഷനിൽ ക്രൈം 1327/15 നമ്പരായി 5-11-2015-ന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിരുന്നു.

GPM. 2/240/2020-37

1-12-2015-ന് ഉച്ചയ്ക്ക് ചോറ്റാനിക്കര പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ശാസ്താംമുകൾ എന്ന സ്ഥലത്തിനു സമീപമുള്ള പാറമടയിൽ അഴുകിയ നിലയിൽ ഒരു പുരുഷജഡം വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതായി കാണപ്പെട്ടതിനെ തുടർന്ന് ചോറ്റാനിക്കര പോലീസ് എത്തി മൃതദേഹം വെള്ളത്തിൽ നിന്നും കയറ്റി പോലീസ് നടപടിക്രമങ്ങൾക്ക് ശേഷം പോസ്റ്റ്മോർട്ടത്തിനായി ആലപ്പുഴ മെഡിക്കൽ കോളേജിലേക്ക് അയച്ചിട്ടുള്ളതാണ്.

കൃത്യസ്ഥലത്ത് പുത്തൻകുരിശ് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറും മറ്റും എത്തി അന്വേഷണം നടത്തിയതിൽ കാണാതായ സമയം ടി അരുൺ ധരിച്ചിരുന്ന വസ്ത്രവും മൃതദേഹത്തിൽ കാണപ്പെട്ട വസ്ത്രവും തമ്മിൽ സാമ്യം തോന്നുകയും മൃതദേഹത്തിൽ നിന്നും ലഭിച്ച മൊബൈൽ ഫോണിലെ സിം കാർഡ് പരിശോധിച്ചതിൽ ആയത് ടി അരുണിന്റെ സിം ആണെന്ന് മനസ്സിലാവുകയും ചെയ്തിട്ടുള്ളതാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ബന്ധുക്കൾ എത്തി മൃതദേഹം തിരിച്ചറിഞ്ഞിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച കേസ് പുത്തൻകുരിശ് സർക്കിൾ ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ തുടരന്വേഷണം നടത്തിവരുന്നു.

എസ്.ഐ., സി.ഐ. തസ്തികകളിൽ നിയമനം

212 (2040) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ എസ്.ഐ., സി.ഐ. തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; വ്യക്തമാക്കുമോ ;

(ബി) ഡി.പി.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(സി) ഡി.പി.സി. യോഗം കൂടുന്ന തീയതി എന്നാണെന്ന് അറിയിക്കുമോ ;

(ഡി) അടിയന്തരമായി എസ്.ഐ., സി.ഐ. പ്രൊമോഷൻ നടപടികൾ ആരംഭിക്കുമോ ;

(ഇ) എസ്.ഐ., സി.ഐ. ലിസ്റ്റ് നിലവിലുണ്ടെങ്കിൽ അതിന്റെ ലിസ്റ്റ് മേശപ്പുറത്ത് വെയ്ക്കുമോ ?

ഉത്തരം

(എ) നിലവിൽ എസ്.ഐ. തസ്തികയിൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാനായി ഒഴിവുകളൊന്നും തന്നെയില്ല. എസ്.ഐ.മാരുടെ നേരിട്ടുള്ള നിയമനത്തിനായി 255 അധിക ഒഴിവുകൾ (Excess Vacancies) വിവിധ കോടതി ഉത്തരവുകൾ പ്രകാരം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി ഉത്തരവുകൾക്കെതിരെ അപ്പീൽ നൽകുവാനായി അഡ്വക്കേറ്റ് ജനറലിനോട് അപേക്ഷിച്ചിട്ടുണ്ട്. സി.ഐ. തസ്തികയിൽ 7 ഒഴിവുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly